

**സരള വിക്രമൻ**
പ്രസിഡന്റ്

# ആമുഖം

പ്രിയരേ,

2026– 27 സാമ്പത്തികവർഷത്തേക്കുള്ള വികസന രേഖ ഇവിടെ സമർപ്പിക്കുകയാണ്. ഈ ഭരണ സമിതിയുടെ ആദ്യ വർഷത്തെ വികസന കാഴ്ചപ്പാടാണ് എന്ന പ്രത്യേകത കൂടിയുണ്ട്. ജനകീയാസൂത്രണ വികസനം എന്നത് ഭരണഘടന അനുശാസിക്കുന്ന പോലെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ കാഴ്ചപ്പാടാണ്. 1996 ൽ തുടങ്ങി വച്ച ഈ യാത്ര, 30 വർഷങ്ങൾ കഴിയുകയാണ്. ഈ കാലഘട്ടത്തിൽ പലവിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും നമ്മൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇനിയും ഒരുപാട് നാം ഒരുമിച്ച് സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

14-ാം പദ്ധതിയുടെ അവസാനവർഷത്തെ വികസന കാഴ്ചപ്പാട് എന്ന നിലക്ക് തുടങ്ങിവച്ച പല പ്രവർത്തനങ്ങളും പൂർത്തീകരിക്കാനുണ്ട്. 2016 ൽ സർക്കാർ പ്രഖ്യാപിച്ച നാല് പ്രധാനപ്പെട്ട ദൗത്യങ്ങളും, തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ആയത് നമ്മുടെ പഞ്ചായത്തിലും ഭംഗിയായി നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളാണ് 2024-25 വർഷം തൃശ്ശൂർ ജില്ലയിലെ മികച്ച ഗ്രാമപഞ്ചായത്ത് എന്ന നിലക്ക് നമുക്ക് സ്വരാജ് ട്രോഫി നേടുവാൻ സാധിച്ചത്.

കൂടാതെ സർക്കാർ മുന്നോട്ട് വച്ച ജനക്ഷേമ പരിപാടികളുടെ ഭാഗമായുള്ള 710 ധനസഹായ പദ്ധതികളും നമ്മുടെ ഗ്രാമപഞ്ചായത്തിനും ലഭ്യമായി എന്നത് എടുത്തു പറയേണ്ടതാണ്. മുൻ ഭരണ സമിതി ചെയ്തു വച്ച എല്ലാ വികസന പ്രവർത്തനങ്ങളും നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആയത് തുടർന്നും നമുക്ക് ലഭ്യമാകേണ്ടതാണ്.

സമഗ്രവും, സുസ്ഥിരവുമായ വികസ ലക്ഷ്യങ്ങളുടെ സമ്പൂർണ്ണതക്ക് ആഴത്തിലുള്ള ചർച്ചകളും വിലയിരുത്തലുകളും ആവശ്യമാണ്. അടിസ്ഥാന വികസന രംഗത്ത് ഏറെ മുന്നോട്ട് പോകാനായിട്ടുണ്ടെങ്കിലും ഇനിയും ഏറെ സഞ്ചരിക്കാനുണ്ട്. അതിനാൽ തന്നെ പുതിയ റോഡുകൾക്കും, നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനും, ഭൂഗർഭ ജലസ്രോതസ്സുകളേയും മഴ വെള്ള സാധ്യതകളേയും ഉപയോഗപ്പെടുത്തി കൊണ്ട് കുടിവെള്ള പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനും കാർഷിക മേഖലയെ കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ക്രമീകരിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നത്. സമഗ്രവും സുസ്ഥിരവുമായ വികസന ലക്ഷ്യങ്ങൾക്കായി ക്രിയാത്മകവും പ്രായോഗികവും ദീർഘവീക്ഷണത്തോടും കൂടിയുള്ള വിലയിരുത്തലുകൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ വികസന രേഖ സമർപ്പിക്കുന്നു.

ആശംസകളോടെ

(ഒപ്പ്)

**സരള വിക്രമൻ**

പ്രസിഡണ്ട്

# ഉള്ളടക്കം


പേജ്

അദ്ധ്യായം - 1

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി അവസ്ഥ - 4

അദ്ധ്യായം - 2

നടപ്പ് വാർഷികപദ്ധതി അവലോകനം - 17

അദ്ധ്യായം - 3

പ്രശ്നവിശകലനവും പ്രശ്നപരിഹാരസാദ്ധ്യതകളും - 53

അദ്ധ്യായം - 4

വികസനകാഴ്ചപ്പാട്, തന്ത്രം, നയസമീപനം - 55

അദ്ധ്യായം - 5

വിഭവസ്രോതസ്സുകളും വകയിരുത്തലുകളും - 61

അദ്ധ്യായം - 6

പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും - 78

അദ്ധ്യായം - 7

പ്രത്യേക പദ്ധതികൾ/പരിപാടികൾ - 110

അദ്ധ്യായം - 8

വായ്പാബന്ധങ്ങൾ - 115


അദ്ധ്യായം - 9

സംയോജനസാദ്ധ്യതകളും സമഗ്രപരിപാടികളും - 116

അദ്ധ്യായം - 10

മോണിറ്ററിംഗ് - 117

# മുരിയാട് ഗ്രാമപഞ്ചായത്ത്




1 വില്ലേരിക്കര
2 പാലക്കുഴി
3. തറയിലക്കാട്
4. പാറേക്കാട്ടുകര
5. കുന്നത്തറ
6. വട്ടപ്പറമ്പ്
7. മുരിയാട് സെന്റർ
8. തങ്കരാജ് നഗർ
9. ആനുരുളി
10. പുല്ലൂർ അണ്ടി കമ്പനി
11. ഊരകം ഈസ്റ്റ്
12. ഊരകം വെസ്റ്റ്
13. മുല്ലക്കാട്
14. തുറവൻകാട്
15. മിഷൻ ആശുപത്രി
16. ചേർപ്പുംകുന്ന്
17 കപ്പാറ
18. ആനന്ദപുരം സെന്റർ

അദ്ധ്യായം 1

# തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി വിശേഷം

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മുരിയാട് ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആരംഭിച്ച വർഷം | : | 1953 |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മുരിയാട്, ആനന്ദപുരം, പുല്ലൂർ, ഇരിങ്ങാലക്കുട |
| ബ്ലോക്ക് | : | ഇരിങ്ങാലക്കുട |
| താലൂക്ക് | : | മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | : | ഇരിങ്ങാലക്കുട |
| വിസ്തീർണ്ണം | : | 58 ച. കി (2239.79 ഹെക്ടർ) |
| അതിരുകൾ പടിഞ്ഞാറ് | : | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി |
| കിഴക്ക് | : | പറപ്പൂക്കര, കൊടകര, ആളൂർ ഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | : | പറപ്പൂക്കര പഞ്ചായത്ത്, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി |
| തെക്ക് | : | ആളൂർ, വേളൂക്കര ഗ്രാമപഞ്ചായത്തുകൾ |
| വാർഡുകൾ | : | 18 എണ്ണം |
| ജനസംഖ്യ | : | 27059 |
| പുരുഷന്മാർ | : | 12747 |
| സ്ത്രീകൾ | : | 14312 |

| | | | | | |
|---|---|---|---|---|---|
| പട്ടികജാതി | പുരുഷന്മാർ | : | 2372 | ആകെ: | 4964 |
| | സ്ത്രീകൾ | : | 2592 | | |
| പട്ടിക വർഗ്ഗം | പുരുഷന്മാർ | : | 2 | ആകെ: | 5 |
| | സ്ത്രീകൾ | : | 3 | | |
| ജനസാന്ദ്രത | | : | 439 ച.കി. | | |
| അക്ഷരാഭ്യാസമുള്ളവർ | | : | 96.42% | | |

## നമ്മുടെ സാമാജികർ

| | | |
|---|---|---|
| ശ്രീ. സുരേഷ് ഗോപി | : | ബഹു: പെട്രോളിയം - പ്രകൃതിവാതക കേന്ദ്രസഹമന്ത്രി |
| ഡോ. ആർ. ബിന്ദു | : | ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി |
| ശ്രീ. കെ.ജെ. ഡിക്സൺ | : | ബഹു: ജില്ലാ പഞ്ചായത്ത് മെമ്പർ |
| ശ്രീ. ജോസ് ജെ. ചിറ്റിലപ്പിള്ളി | : | ബഹു: ജില്ലാ പഞ്ചായത്ത് മെമ്പർ |
| ശ്രീ. ടി.ജി. ശങ്കരനാരായണൻ | : | ബഹു: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് |
| ശ്രീ. കെ.യു. വിജയൻ | : | ബഹു: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |
| ശ്രീമതി മണി സജയൻ | : | ബഹു: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |
| ശ്രീമതി ബിന്ദു വർക്കി | : | ബഹു: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |

# മേൽത്തട്ട് ജനപ്രതിനിധികൾ




**സുരേഷ് ഗോപി**
ബഹു: പെട്രോളിയം- പ്രകൃതിവാതക
കേന്ദ്രസഹമന്ത്രി



**ഡോ. ആർ. ബിന്ദു**
ബഹു. ഉന്നത വിദ്യാഭ്യാസ
സാമൂഹ്യനീതി വകുപ്പ് മന്ത്രി



**ശ്രീ. കെ.ജെ. ഡിക്സൺ**
ബഹു: ജില്ലാ പഞ്ചായത്ത് അംഗം



**ശ്രീ. ജോസ് ജെ. ചിറ്റിലപ്പിള്ളി**
ബഹു: ജില്ലാ പഞ്ചായത്ത് അംഗം



**ശ്രീ. ടി.ജി. ശങ്കരനാരായണൻ**
ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡണ്ട്



**ശ്രീ. കെ.യു. വിജയൻ**
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ



**ശ്രീമതി മണി സജയൻ**
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ



**ശ്രീമതി ബിന്ദു വർക്കി**
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**സരള വിക്രമൻ** (പ്രസിഡന്റ്)



**സുമിത പ്രസാദ്**
വൈസ് പ്രസിഡന്റ്



**നിഖിത അനൂപ്**
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ വികസനം



**ജോൺസൺ എ.എം.**
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ ക്ഷേമകാര്യം



**സുനിത മുരളി**
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ആരോഗ്യം, വിദ്യാഭ്യാസം



**സുനിൽകുമാർ എ.എസ്.**
വാർഡ് - 1



**ഷൈജു വി.ആർ.**
വാർഡ് - 2



**അജീഷ് സി.എസ്.**
വാർഡ് - 3



**ജെസ്റ്റിൻ ജോർജ്ജ്**
വാർഡ് - 5



**ബിന്ദു ഇ.വി.**
വാർഡ് - 6



**സുരേഷ് ബാബു**
വാർഡ് - 9



**ഷാരി വീനസ്**
വാർഡ് - 10



**അഞ്ജലി ഷാബു**
വാർഡ് - 11




**തോമസ് തത്തംപിള്ളി**
വാർഡ് - 12



**ജ്യോതി സരിൻ**
വാർഡ് -13



**തോമസ് തൊകലത്ത്**
വാർഡ് - 14



**ടി.കെ. ശശി**
വാർഡ് - 15



**ഷീജ മോഹനൻ**
വാർഡ് - 17



**ശാലിനി എം.** (സെക്രട്ടറി)

# പഞ്ചായത്ത് സ്റ്റാഫ്

| | |
|---|---|
| ശ്രീമതി. ശാലിനി എം | സെക്രട്ടറി |
| ശ്രീ. മനോജ് മുകുന്ദൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി. വനജ വി യു | ഹെഡ് ക്ലർക്ക് |
| ശ്രീമതി. സജിത കെ വി | അക്കൗണ്ടന്റ് |
| ശ്രീമതി. സിന്ധു ടി സി | സീനിയർ ക്ലർക്ക് |
| ശ്രീ. മുരളി വി വി | സീനിയർ ക്ലർക്ക് |
| ശ്രീ. ജെയിംസ് എ | സീനിയർ ക്ലർക്ക് |
| ശ്രീമതി. ദീപ കെ പി | ക്ലർക്ക് |
| ശ്രീ. നിതിൽ കെ കെ | ക്ലർക്ക് |
| ശ്രീ. പ്രജീഷ് പി യു | ക്ലർക്ക് |
| ശ്രീമതി. മിനി പി കെ | ഓഫീസ് അറ്റന്റന്റ് |
| ശ്രീമതി. മൃദുല കെ എം | ഓഫീസ് അറ്റന്റന്റ് |
| ശ്രീമതി. സജില പി എസ് | ടെക്കനിക്കൽ അസിസ്റ്റന്റ് |
| ശ്രീമതി. കൃഷ്ണേന്ദു ടി കെ | പ്രൊജക്റ്റ്അസിസ്റ്റന്റ് |
| ശ്രീമതി. ഡിൽജി കെ ജെ | ഹെൽത്ത് ഇൻസ്പെക്ടർ |
| കുമാരി. രാധിക പി വി | ഡാറ്റ എന്ട്രി ഓപ്പറേറ്റർ |
| ശ്രീമതി. രാധിക എം എ | സാക്ഷരത പ്രേരക് |
| ശ്രീമതി. ബിന്ദു സുരേഷ് | സാക്ഷരത പ്രേരക് |
| ശ്രീമതി. സുനിത ടി യു | സാക്ഷരത പ്രേരക് |
| ശ്രീ. സനോജ് എം എസ് | ഡ്രൈവർ |
| ശ്രീമതി. അഞ്ജു സുഗതൻ | അക്രെഡിറ്റഡ് എഞ്ചിനീയർ (തൊഴിലുറപ്പ് പദ്ധതി) |
| ശ്രീ. ഡെൽവിൻ കെ ജെ | ഓവർസിയർ (തൊഴിലുറപ്പ് പദ്ധതി) |
| ശ്രീമതി. സന്ധ്യ സതീഷ് | ഡാറ്റ എന്ട്രി ഓപ്പറേറ്റർ (തൊഴിലുറപ്പ് പദ്ധതി) |
| ശ്രീമതി. സുജിത കെ ജെ | ഡാറ്റ എന്ട്രി ഓപ്പറേറ്റർ (തൊഴിലുറപ്പ് പദ്ധതി) |
| ശ്രീമതി. ഷീല ഒ വി | പി ടി എസ് |

# എഞ്ചിനീയറിംഗ് വിഭാഗം

| | |
|---|---|
| ശ്രീമതി സിമി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീമതി ബിനി കെ.ആർ. | ഓവർസിയർ IIIrd ഗ്രേഡ് |
| ശ്രീമതി ഗ്രീഷ്മ എ.എസ്. | ഓവർസിയർ IInd ഗ്രേഡ് |
| ശ്രീമതി ലിയ എൻ എസ് | ക്ലർക്ക് |

# പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ശാലിനി എം | സെക്രട്ടറി |
| ശ്രീ. മനോജ് മുകുന്ദൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി സിമി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീമതി അഞ്ജു ബി. രാജ് | കൃഷി ഓഫീസർ |
| ഡോ.രഞ്ജിത്ത് നമ്പൂതിരി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| ഡോ. ഹേന ജോയ് | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ഡോ. അനൂപ് ജോർജ്ജ് | സൂപ്രണ്ട്, സി എച്ച് സി ആനന്ദപുരം |
| ഡോ. സ്മിറ്റി | വെറ്റിനറി സർജൻ മുരിയാട് |
| ശ്രീമതി ബീന ഇ.ടി. | ഹെഡ്മിസ്ട്രസ് ജി യു പി എസ് ആനന്ദപുരം |
| ശ്രീമതി ബിന്ദു ലക്ഷ്മി | ഐ സി ഡി എസ് സൂപ്പർവൈസർ |
| ശ്രീമതി ഗീത എൻ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പുല്ലൂർ |
| ശ്രീമതി തനൂജ കെ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുരിയാട് |
| ശ്രീമതി അനില ടി | ഡയറി ഫാം ഇൻസ്ട്രക്ടർ, ഇരിങ്ങാലക്കുട |
| ശ്രീമതി അശ്വിൻ | ഫിഷറീസ് ഇൻസ്പെക്ടർ |

## ആസൂത്രണ സമിതി

| ക്രമ നമ്പർ | പേര് | | | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | സരള വിക്രമൻ | പ്രസിഡന്റ് | ചെയർമാൻ | 9746009891 |
| 2 | ശാലിനി എം | സെക്രട്ടറി | കൺവീനർ | 9605042823 |
| 3 | സുമിത പ്രസാദ് | വൈ. പ്രസിഡൻറ് | അംഗം | 7736893949 |
| 4 | നിഖിത അനൂപ് | വികസന സ്റ്റാ.ക.ചെയർമാൻ | അംഗം | 7012528644 |
| 5 | ജോൺസൻ എ എം | ക്ഷേമം സ്റ്റാ.ക.ചെയർമാൻ | അംഗം | 9495668710 |
| 6 | സുനിത മുരളി | ആരോഗ്യം സ്റ്റാ.ക.ചെയർമാൻ | അംഗം | 9526497511 |
| 7 | ബാലചന്ദ്രൻ മാസ്റ്റർ | | അംഗം | 9447593995 |
| 8 | പീതാംബരൻ | | അംഗം | 9495883375 |
| 9 | ഭാസുരാംഗൻ | | അംഗം | 8848805938 |
| 10 | ഡോ.കേസരി മേനോൻ | | അംഗം | 9447560503 |
| 11 | രാജേഷ് | | അംഗം | 8592835891 |
| 12 | പി സി ഭരതൻ | | അംഗം | 9447437330 |
| 13 | മിനി സത്യൻ | | അംഗം | 8086749920 |
| 14 | ഗോപി എ കെ | | അംഗം | 9446317244 |
| 15 | കെ എൻ അയ്യപ്പക്കുട്ടി | | അംഗം | 9995586361 |
| 16 | പി ആർ ബാലൻ | | വൈ. ചെയർമാൻ | 9544289887 |
| 17 | മോഹനൻ മാസ്റ്റർ | | അംഗം | 9497625481 |
| 18 | പി ആർ സുന്ദരൻ | | അംഗം | 9562660865 |
| 19 | അഡ്വ. മനോഹരൻ | | | |

# പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ

1. കൃഷിഭവൻ, മുരിയാട്
2. ഹോമിയോ ഡിസ്പെൻസറി, മുരിയാട്
3. ആയുർവ്വേദ ഡിസ്പെൻസറി, ആനന്ദപുരം
4. വെറ്ററിനറി ഡിസ്പെൻസറി, മുരിയാട്
5. ജി.യു.പി.എസ്. ആനന്ദപുരം
6. പട്ടികജാതി നേഴ്സറി സ്കൂൾ, വെള്ളിലംകുന്ന്
7. ഐ.സി.ഡി.പി. സബ്സെന്റർ, ആനന്ദപുരം
8. പി.എച്ച്.സി. സബ്സെന്റർ, മുരിയാട്
9. പി.എച്ച്.സി. സബ്സെന്റർ, പുല്ലൂർ
10. 25 അംഗൻവാടികൾ

ഫാറം -7

പതിനാലാം പഞ്ചവത്സര പദ്ധതി : വിഭവ വകയിരുത്തൽ

മുരിയാട് ഗ്രാമപ്പഞ്ചായത്ത് 2026-27 വാർഷികപദ്ധതി

1. വിഭവസ്രോതസ്സുകൾ

| ക്രമ നം | വിഭവ സ്രോതസ്സുകൾ | | | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|---|---|
| (1) | (2) | | | | (3) |
| 1 | വികസന ഫണ്ട് | I | സാധാരണ വിഹിതം | | 3,23,60,244 |
| | | II | പട്ടികജാതി ഉപപദ്ധതി | | 1,33,50,000 |
| | | III | പട്ടികവർഗ ഉപപദ്ധതി | | 0 |
| | | IV | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | ബേസിക്ക് | 28,08,800 |
| | | | | ടൈഡ് | 49,63,200 |
| | | | ആകെ | | 5,34,82,244 |
| 2 | മെയിൻറനൻസ് ഫണ്ട് | I | റോഡ് ഇതരം | | 45,31,000 |
| | | II | റോഡ് | | 1,61,62,999 |
| | | | ആകെ | | 2,06,93,999 |
| 3 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ് | | | | 0 |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ് നഗര സഞ്ചയ ഗ്രാൻറ് | | | | 0 |
| 5 | തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | | | | 1,44,95,660 |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | | 0 |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | | | 10,00,000 |
| 8 | വായ്പ- സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | | | 0 |
| 9 | വായ്പ- മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | | | 0 |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | | | 0 |
| 11 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം | | | | 4,00,000 |
| 12 | സന്നദ്ധ സേവനം | | | | 0 |
| 13 | സംഭാവന | | | | 0 |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | I | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | | 0 |
| | | II | ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | | 1,34,00,000 |
| | | III | ജില്ലാ പഞ്ചായത്തിൽ നിന്ന് | | 1,40,00,000 |
| | | IV | മുനിസിപ്പാലിറ്റിയിൽ നിന്ന് | | 0 |
| | | V | കോർപ്പറേഷനിൽ നിന്ന് | | 0 |
| | | VI | നഗരസഞ്ചയ ഗ്രാൻറിൽ നിന്ന് | | 0 |
| | | | ആകെ | | 2,74,00,000 |
| 15 | മറ്റുള്ളവ | | | | 73,60,000 |
| 16 | ആകെ മൊത്തം | | | | 12,48,31,903 |

# വികസന സ്ഥിതിവിശേഷം

തൃശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ ഇരിങ്ങാലക്കുട ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന മുരിയാട് ഗ്രാമപഞ്ചായത്തിൽ പുല്ലൂർ, മുരിയാട്, ആനന്ദപുരം എന്നീ വില്ലേജുകൾ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ മൂന്നിൽ രണ്ടു ഭാഗം കരയും ഒരു ഭാഗം തൃശൂർ ജില്ലയിലെ കോൾ മേഖലയിൽ രണ്ടാം സ്ഥാനത്തിനർഹമായ വിസ്തീർണ്ണത്തിൽ നെൽകൃഷിയും വ്യാപിച്ചു കിടക്കുന്നു. 58 ച.കി. വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്ത് 18 വാർഡുകളായി വിഭജിച്ച് ഭരണം നടത്തിവരുന്നു.

തെങ്ങ് കൃഷിയ്ക്കും മറ്റ് അനുബന്ധ കൃഷിയ്ക്കും യോജിച്ച ഭൂപ്രകൃതിയാണെങ്കിലും മിക്ക പ്രദേശങ്ങളിലെ ജലദൗർലഭ്യം കൃഷിയെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഉത്പാദന മരവിപ്പിനാലും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനാലും ചെറുകിട കുടിൽ വ്യവസായങ്ങളുടെ തകർച്ചയാലും നിർമ്മാണമേഖലയിലെ മുരടിപ്പും പൊതുവെ സാമ്പത്തിക മാന്ദ്യം സംഭവിച്ചിരിയ്ക്കുകയാണ്.

13-ാം പദ്ധതിയുടെ കാലയളവിലും 14-ാം പദ്ധതിയുടെ കഴിഞ്ഞ 3 വർഷങ്ങളിലും കുടിവെള്ളവും, വൈദ്യുതീകരണവും, കൃഷിക്കുള്ള ജലസേചനപദ്ധതികളും, പാർപ്പിട സൗകര്യങ്ങളും, ഗതാഗത സൗകര്യങ്ങളും വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും, സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലെ പ്രവർത്തനങ്ങളും നടപ്പിലാക്കിയിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ജനങ്ങളിൽ മൂന്നിൽ ഒരു ഭാഗം ദാരിദ്ര്യ രേഖയ്ക്കു താഴെ മോശമായ പാർപ്പിട സൗകര്യത്തിൽ ജീവിച്ചിരുന്ന നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായില്ലെങ്കിലും സാരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗതാഗത മേഖലയിൽ ഉണ്ടായിരുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാരം കാണുവാൻ സാധിച്ചു. എന്നിരുന്നാലും അതികഠിനമായ 2018, 2019 വർഷങ്ങളിൽ ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ പ്രളയവും പേമാരിയും പഞ്ചായത്തിന്റെ റോഡുകളെ ഗതാഗത യോഗ്യമല്ലാതാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിലെ പല ജലനിർഗമന മാർഗങ്ങളും തടസം നേരിടുന്ന അവസ്ഥയിലുമാണ്. കുടിവെള്ളക്ഷാമം രൂക്ഷമായി കടന്നുവരുന്നുണ്ട്. ആയതിന് പരിഹാരം കാണേണ്ടതുണ്ട്. വൈദ്യുതി രംഗ ത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആനന്ദപുരത്ത് സ്ഥാപിച്ചിരിക്കുന്ന സബ് സ്റ്റേഷൻ പ്രയോജനപ്പെടുന്നുണ്ട്.

വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തിന്റെ ഒരു ചെറിയ ഭാഗം പൂർത്തീകരിച്ചു. ആയത് ഉപകാരപ്രദമാക്കുന്നതിനും സാധിച്ചു. എങ്കിലും പ്രസ്തുത മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കി ലക്ഷ്യപ്രാപ് തിയിലെത്തേണ്ടതുണ്ട്. ആരോഗ്യമേഖല നാം ലക്ഷ്യപ്രാപ്തി കൈവരിയ്ക്കുന്നതി നാവശ്യമായ പ്രവർത്തനങ്ങൾ എത്തിച്ചു. ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാധിച്ചു.

ക്ഷേമപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ശുചിത്വമേഖലയിൽ കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന നിർമ്മൽ പുരസ്കാരം നേടാൻ കഴിഞ്ഞിട്ടുണ്ട്.

ശിശുവികസന പദ്ധതിയിൽ പഞ്ചായത്ത് ഏറെ മുന്നിട്ട് നിൽക്കുന്നുണ്ടെങ്കിലും പ്രതീക്ഷിച്ച ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ കൂടുതൽ സാമ്പത്തിക സൗകര്യം

കണ്ടെത്തേണ്ടതുണ്ട്. മാറിവരുന്ന സാഹചര്യങ്ങൾ ഉൾക്കൊണ്ട് പഞ്ചായത്തിന്റെ സേവന രീതികളിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന തിരിച്ചറിവാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. കമ്പ്യൂട്ടർവൽക്കരണം ISO സർട്ടിഫിക്കേഷൻ നേടിയതും ജനസേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധ്യമാക്കി. ജനങ്ങൾക്ക് 100% ഓൺലൈൻ സേവനം നൽകുന്നതിന് പരമാവധി പരിശ്രമിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ വികേന്ദ്രീകൃതാസൂത്രണ പരിപാടികളിലൂടെ വ്യക്തവും സ്തുത്യർഹവുമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും അടിയന്തിര ശ്രദ്ധ പതിപ്പിയ്ക്കേണ്ട പല മേഖലകളും നമ്മുടെ മുന്നിലുണ്ട്. അവയെ കൂടി പരിഗണിച്ച് സമഗ്രമായ ഒരു വികസന മുന്നേറ്റമാണ് പഞ്ചായത്ത് ലക്ഷ്യം വെയ്ക്കുന്നത്.

ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവന രഹിതർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിലും, ആർദ്രം പദ്ധതിയിലൂടെ പൊതുജനാരോഗ്യ രംഗത്തും, ഹരിതകേരളം പദ്ധതിയിലൂടെ മാലിന്യസംസ്ക്കരണത്തിലും, പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ സ്കൂളുകളിലെ പഠന സൗകര്യം ഒരുക്കുന്നതിലും മികച്ച മുന്നേറ്റം ഉണ്ടാക്കുന്നതിന് സാധിച്ചു. ഇനിയും മുന്നേറാനുണ്ട്. കൂടാതെ സർക്കാരിന്റെ 12 ഇന പരിപാടിയിലെ പദ്ധതികളും സുഭിക്ഷ കേരളം പദ്ധതികളും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി.

2025 ഏപ്രിൽ 1 മുതൽ K-Smart നടപ്പിലാക്കുക വഴി പഞ്ചായത്തിന്റെ എല്ലാ സേവനങ്ങളും ഓൺലൈൻ വഴി നൽകാൻ സാധിക്കുന്നു. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്ന കാര്യത്തിൽ വളരെ ഏറെ മുന്നോട്ട് പോകുവാൻ സാധിച്ചിട്ടുണ്ട്. 18 വാർഡുകളിലേയും ഹരിതകർമ്മ സേന പ്രവർത്തനം തുടരുന്നുണ്ട്. മാലിന്യ ശേഖരണരംഗത്ത് പൊതുജനങ്ങളുടെ കൂടുതൽ ഫലപ്രദമായ ഇടപെടൽ കൂടി ആവശ്യമുണ്ട്. ലൈഫ് പദ്ധതിയിലൂടെ നിരവധി ഭവനരഹിതരുടെയും പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവരെ 247 ഭവനങ്ങൾ പൂർത്തീകരിച്ചു. 30 കുടുംബങ്ങൾക്ക് വീടുവെയ്ക്കുന്നതിന് ഭൂമി നൽകി. 36 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

### കൃഷിയും അനുബന്ധ മേഖലയും

മുരിയാട് ഗ്രാമപഞ്ചായത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന കാർഷികമേഖലയ്ക്കു വേണ്ടി കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലയളവിലും 14-ാം പദ്ധതിയിലും അനവധി പദ്ധതികൾ നടപ്പിലാക്കി. ഭക്ഷ്യസുരക്ഷയ്ക്കും ഉത്പാദനവർദ്ധനവിനും ഊന്നൽ നൽകി സമഗ്ര കാർഷിക വികസനം നടപ്പാക്കുകയെന്ന ഉദ്ദേശത്തോടെ നെൽകൃഷി വികസനം, വാഴകൃഷി, പച്ചക്കറികൃഷി, തെങ്ങ് കൃഷി, ജാതികൃഷി, തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കി. എന്നാൽ കാർഷിക മേഖലയിൽ ഉത്പാദന ചിലവ് ഏറുകയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും ചെയ്തതുകൊണ്ട് കൃഷിക്കാർ മറ്റു തൊഴിൽ മേഖലയിലേയ്ക്ക് തിരിയുകയും അതുമൂലം കാർഷികമേഖലയ്ക്ക് മുരടിപ്പ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും കാർഷിക മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് കൊണ്ട് പുത്തൻ ഉണർവ് കൈവരിക്കാനും തരിശിട്ടിരുന്ന ഭൂമിയിൽ ഭൂരിഭാഗം കൃഷിക്ക് ഉപയുക്തമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 13-ാം പദ്ധതിയിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക, മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യ ഉൽപാദന മേഖലകളിലായി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി.

## ജലസേചനം

ജലസേചന രംഗത്ത് 14 എൽ.ഐ. പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതിനാൽ ഒരു പരിധി വരെ ജലക്ഷാമം പരിഹരിയ്ക്കുന്നതിനു സാധിച്ചിട്ടുണ്ട്. എങ്കിലും ചില എൽ.ഐ. പദ്ധതികൾ യഥാസമയം തയ്യാറാക്കുവാനും അംഗീകാരം നേടി നടപ്പിലാക്കുവാനും സാധിച്ചിട്ടില്ല. ആയത് പൂർത്തിയാക്കുവാൻ 14-ാം പദ്ധതിയിൽ ലക്ഷ്യമിടുന്നു. എൽ.ഐ. പദ്ധതികളിലൂടെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഭൂർഗർഭതലത്തിൽ വർദ്ധന ഉണ്ടാകുന്നതിലൂടെ ജലക്ഷാമത്തിന് ഒരുപരിധിവെര പരിഹാരം ഉണ്ടാകുന്നതിന് കഴിയും. നഗര സഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി മുടിച്ചിറ നവീകരണത്തിനുള്ള പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വ്യവസായം

വ്യാവസായികമായി പഞ്ചായത്ത് വളരെ പിന്നിലാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി മേഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിനും 13-ാം പദ്ധതിയിൽ തുടക്കമിട്ടു. സ്വയം തൊഴിൽ സംരംഭങ്ങൾ മുൻവർഷങ്ങളിൽ വ്യക്തിഗതം, ഗ്രൂപ്പുകൾക്കായി പദ്ധതികൾ നവീകരിക്കുകയും ആയതിലൂടെ തൊഴിൽ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനു സാധിച്ചു. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിന്റെ സഹായത്തോടെ സേവനങ്ങൾ നൽകിവരുന്നു.

## ഭവനനിർമ്മാണം

ഭവനനിർമ്മാണ മേഖലയിൽ എടുത്തു പറയത്തക്ക നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. പട്ടികജാതിക്കാരായ സാധാരണക്കാർക്കും ദരിദ്രർക്കും അടിസ്ഥാനാവശ്യങ്ങൾ നല്കുന്നതിൽ 90% നേട്ടം കൈവരിച്ചു. ജനറൽ വിഭാഗത്തിൽപ്പെടുന്ന സാധാരണക്കാരുടെയും ദരിദ്രരുടെയും ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റുന്നതിനും സാധിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആയത് പൂർത്തീകരിക്കും. ലൈഫ് പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവും, ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം ഏതാണ് പൂർത്തീകരിച്ചാണ് മൂന്നാംഘട്ടവും, നാലാംഘട്ടവും നിലവിൽ നടന്നു കൊണ്ടിരിക്കുന്നു.

## ദാരിദ്ര്യ നിർമ്മാർജ്ജനം

ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ കൈവരിയ്ക്കാൻ കഴിഞ്ഞു. ആശ്രയ പദ്ധതിയിലൂടെ ദരിദ്ര്യരിൽ ദരിദ്രരായ ജനങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിന് സാധിച്ചു.

## വിദ്യാഭ്യാസം

SSK (Samagra Shiksha Kerala) പദ്ധതിയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക പുരോഗതി ഉയർത്താൻ സാധിച്ചു, എങ്കിലും വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറവായതിനാൽ വിദ്യാഭ്യാസനിലവാരം ഉയർത്താൻ കഴിയാത്തത് ഒരു കോട്ടമായി അവശേഷിക്കുന്നു. ജി.യു.പി.എസ്. ആനന്ദപുരം സ്കൂളിൽ കുട്ടികൾക്ക് വിനോദത്തിനായി പാർക്ക് നിർമ്മിച്ചിട്ടുണ്ട്.മഴക്കാലത്ത് സ്കൂൾ കോമ്പൗണ്ടിൽ വെള്ളക്കെട്ട് ഉണ്ടാകുന്നത് പരിഹരിക്കേണ്ടതാണ്. കുടിവെള്ളം, ശുചിത്വം, ആരോഗ്യം.

കുടിവെള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെ കുടിവെള്ള ക്ഷാമത്തിന് ഒരു

പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചു. ഗ്രാമപഞ്ചായത്ത് സ്വയം നിർവ്വഹിച്ച കുടിവെള്ള പദ്ധതികളോടൊപ്പം തന്നെ കേരളവാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് വർക്ക് ആയി പ്രദേശങ്ങളിൽ കുടിവെള്ളപദ്ധതികൾ നടപ്പിലാക്കി വരുന്നു. ജലസംരക്ഷണത്തിനായി കിണർ റീചാർജിങ്ങ്, കിണർ ആൾമറ, പുതിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമാക്കി എല്ലാ വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഖരമാലിന്യ സംസ്ക്കരണത്തിന് പദ്ധതി രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. ഹരിതകർമ്മസേന 18 വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. ഘടക സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തിലെ പ്രധാന സക്കൂളുകളിലും എയ്റോബിക്സ് കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആരോഗ്യരംഗത്ത് പ്രധാനപ്പെട്ട മൂന്ന് ശാഖകളുടെയും സ്ഥാപനങ്ങൾ – PHC, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവ സുഗമമായി പ്രവർത്തിച്ചു വരുന്നു. ആശുപത്രി കെട്ടിടങ്ങളുടെ പാശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടു ണ്ട്.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമത്തിനും സ്ത്രീകളുടേയും കുട്ടികളുടെയും വികസനത്തിനും, ഭിന്നശേഷിയുള്ളവർക്കും, വയോജനങ്ങൾക്കുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2018, 2019 ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തങ്ങൾ ആവർത്തിക്കുന്നത് തടയാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണ്. മുരിയാട് പഞ്ചായത്തിന്റെ ഗതാഗത മേഖലയിൽ വമ്പിച്ച നേട്ടം നമുക്ക് കഴിഞ്ഞ പദ്ധതി കാലയളവിൽ കാഴ്ചവെയ്ക്കാൻ സാധിച്ചു. പഞ്ചായത്തിന് ലഭ്യമായിട്ടുള്ള വികസനഫണ്ട്, MLA യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട്, MP യുടെ പ്രാദേശിക വികസനഫണ്ട്, കാലവർഷക്കെടുതിയിൽ നാഷ്ടം സംഭവിച്ച റോഡുകൾക്കുള്ള വിഹിതം എന്നിവ ഉപയോഗിച്ച് പഞ്ചായത്തിന്റെ മുഴുവൻ റോഡുകളും, ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. പഞ്ചായത്തിന്റെ കൃത്യമായ ഇടപ്പെടലും അഭ്യർത്ഥനയും കൊണ്ട് നെല്ലായി വല്ലക്കുന്ന് PWD റോഡ് മനോഹരമാക്കുവാൻ സാധിച്ചു.

പഞ്ചായത്തിന്റെ എല്ലാ സ്ഥലങ്ങളിലേയ്ക്കും വൈദ്യുതി എത്തിയ്ക്കുവാൻ കഴിഞ്ഞുവെങ്കിലും തെരുവുവിളക്കുകളുടെ കാര്യത്തിൽ പരിപൂർണ്ണത കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല. അതിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

കേരളവാട്ടർ അതോറിറ്റി മുഖേന പൈപ്പ്ലൈൻ എക്സ്റ്റൻഷൻ, കെ.എസ്.ഇ.ബി മുഖേന സ്ട്രീറ്റ് മെയിൻ നീട്ടൽ എന്നീ പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി പൂർത്തീകരിച്ചുവരുന്നു. നിർമ്മിതികേന്ദ്രം മുഖേന ഊരകം അംബേദ്കർ സ്റ്റേഡിയം പണി പൂർത്തീകരിച്ചു. പട്ടികജാതി ഫണ്ടുപയോഗിച്ച് ചേർപ്പുംകുന്ന് കോളനിയിൽ സാസ്കാരികനിലയം നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

### VB-G RAM G തൊഴിലുറപ്പ് പദ്ധതി

മുരിയാട് ഗ്രാമപഞ്ചായത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുൻ വർഷങ്ങളായി മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. 2024-28 സാമ്പത്തിക വർഷത്തിൽ 41476 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു. കൂടാതെ 251 കുടുംബങ്ങൾ

100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1734900/- രൂപ ചെലവഴിച്ച് 207 പ്രവർത്തികൾ പൂർത്തികരിക്കുകയുണ്ടായി. പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തോടുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികളും വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, കിണർ റീ ചാർജ്ജിങ്ങ്, പുതിയ കുളങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി. കൂടാതെ ശുചിത്വത്തിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി.

### പൊതുമ്പുചിറയോരം

പൊതുമ്പുചിറയോരം സംയുക്ത പദ്ധതി, പഞ്ചായത്തിന്റെ ഫണ്ടും MLA യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടും, DTPC ഫണ്ടും, CSR ഫണ്ടും ഉപയോഗിച്ച് മനോഹരമാക്കി. ഈ ഗ്രാമപഞ്ചായത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം സുഗമമാക്കുന്നതിന് KSRTC യുമായി സഹകരിച്ച് പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഗ്രാമവണ്ടി യഥാർത്ഥമാക്കി. ASAP പദ്ധതിയിലൂടെ തൊഴിൽ അന്വേഷകർക്ക് അഭിമുഖത്തിനുള്ള കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുവാൻ സാധിച്ചു. 'ഉയരെ' എന്ന പദ്ധതിയിലൂടെ സിവിൽ സർവ്വീസ് കരിയർ ഗൈഡൻസ് നടത്തി വരുന്നു. ലഹരിക്കെതിരെ 'വേണ്ട' എന്ന പ്രോഗ്രാമും നമ്മുടെ പഞ്ചായത്തിൽ നടക്കുന്നു. ഇങ്ങനെ നിരവധി വികസന ക്ഷേമപരിപാടികൾ നടന്നു വരുന്നത് ഇനിയും തുടരുന്നതാണ്.

### സ്വരാജ് ട്രോഫി

2024-2025 വർഷം മാലിന്യ മുക്ത പ്രവർത്തനങ്ങൾ. കേന്ദ്ര സംസ്ഥാനാവിഷ്കൃത പരിപാടിയിലെ ഫണ്ട് വിനിയോഗം പദ്ധതിപ്പണത്തിന്റെ പരിപൂർണ്ണ വിനിയോഗം, കാർഷിക ജലസംരക്ഷണം, പശ്ചാത്തല വികസനം. സദ്ഭരണം തുടങ്ങി പന്ത്രണ്ടോളം ഇനങ്ങളിൽ തൃശ്ശൂർ ജില്ലയിൽ ഒന്നാമതെത്തിയതിന് സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിയും അവാർഡ് തുകയായ 20 ലക്ഷം രൂപയും കരസ്ഥമാക്കുവാൻ സാധിച്ചു.

# അദ്ധ്യായം 2

## മൂരിയാട് ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം 2025-2025 വാർഷികപദ്ധതി വിശദവിവരങ്ങൾ

**Sectorwise Report [Exclude Bill at Treasury]**

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | തനതു ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡ് | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണ | Fund/Exp. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3- PROJECT NAME | 4 | 5-DEV | 6-Basci | 7-Tied | 8 - OWN | 9 - Road | Non Road | 11 - JV | Others | 13 - Total | # | # | # |
| | | ജനറൽ - ഉല്പാദനം | | | | | | | | | | | | | F |
| | | | | | | | | | | | | | | | E |
| 1 | 6 | വെറ്ററിനറി ഡിസ്പെൻസറിക്കു മരുന്ന് വാങ്ങൽ | New | 0 | 0 | 0 | 0 | 0 | 5,00,000 | 0 | 0 | 5,00,000 | ജനറൽ | VETS | F |
| | | | | 0 | 0 | 0 | 0 | 0 | 5,00,000 | 0 | 0 | 5,00,000 | | | E |
| 2 | 45 | സ്വയം തൊഴിലിനു ഇരുചക്രവാഹനം വനിത | New | 8,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 8,00,000 | ജനറൽ | VEO/LVEO | F |
| | | | | 47,000 | 0 | 0 | 0 | 0 | 0 | 0 | 0 | 47,000 | | | E |
| 3 | 50 | പശു വളർത്തൽ പദ്ധതി | New | 1,50,000 | 0 | 0 | 0 | 0 | 0 | 1,50,000 | 0 | 3,00,000 | ജനറൽ | VETS | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |
| 4 | 52 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | New | 6,00,000 | 0 | 0 | 0 | 0 | 0 | 7,00,000 | 0 | 13,00,000 | ജനറൽ | DFI | F |
| | | | | 6,00,000 | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 8,00,000 | | | E |
| 5 | 53 | സമഗ്ര നെൽകൃഷി വികസനം | New | 30,19,880 | 0 | 0 | 0 | 0 | 0 | 20,20,000 | 0 | 50,39,880 | ജനറൽ | AO | F |
| | | | | 16,98,480 | 0 | 0 | 0 | 0 | 0 | 5,70,000 | 0 | 22,68,480 | | | E |
| 6 | 57 | കിണർ റീചാർജിംഗ് | New | 0 | 0 | 22,47,500 | 0 | 0 | 0 | 0 | 0 | 22,47,500 | ജനറൽ | VEO/LVEO | F |
| | | | | 0 | 0 | 9,46,100 | 0 | 0 | 0 | 0 | 0 | 9,46,100 | | | E |
| 7 | 58 | ജാതി കൃഷിയ്ക്ക് സബ്സിഡി | New | 1,50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,50,000 | ജനറൽ | AO | F |
| | | | | 99,150 | 0 | 0 | 0 | 0 | 0 | 0 | 0 | 99,150 | | | E |

| 1 | 2 | 3- PROJECT NAME | 4 | 5-DEV | 6-Basci | 7-Tied | 8 - OWN | 9 - Road | Non Road | 11 - JV | Others | 13 - Total | F | # | # |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8 | 59 | ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി | New | 4,00,000 | 0 | 0 | 0 | 0 | 0 | 4,00,000 | 0 | 8,00,000 | ജനറൽ | DFI | F |
| | | | | 4,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 4,00,000 | | | E |
| 9 | 60 | ഞാറ്റുവേല ചന്ത | New | 0 | 0 | 0 | 87,635 | 0 | 0 | 0 | 0 | 87,635 | ജനറൽ | AO | F |
| | | | | 0 | 0 | 0 | 87,635 | 0 | 0 | 0 | 0 | 87,635 | | | E |
| 10 | 63 | ഹൈടെക് കിച്ചൻ | New | 3,30,120 | 0 | 0 | 0 | 0 | 0 | 1,10,040 | 0 | 4,40,160 | ജനറൽ | AO | F |
| | | | | 3,29,275 | 0 | 0 | 0 | 0 | 0 | 0 | 0 | 3,29,275 | | | E |
| 11 | 91 | മുട്ടക്കോഴി വിതരണം | New | 2,00,400 | 0 | 0 | 0 | 0 | 0 | 16,700 | 0 | 2,17,100 | ജനറൽ | VETS | F |
| | | | | 2,00,400 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,400 | | | E |
| 12 | 92 | തെരുവ് നായ പേവിഷ പ്രതിരോധ കുത്തിവെപ്പ് പദ്ധതി | New | 0 | 0 | 0 | 60,000 | 0 | 0 | 0 | 0 | 60,000 | ജനറൽ | VETS | F |
| | | | | 0 | 0 | 0 | 57,716 | 0 | 0 | 0 | 0 | 57,716 | | | E |
| 13 | 205 | മുരിയാട് ജി പി 2025-26 ജി യു പി എസ് സ്കൂളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ വാർഡ് 16 | New | 0 | 0 | 0 | 2,00,000 | 0 | 0 | 0 | 0 | 2,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |
| 14 | 239 | സ്വയം തൊഴിൽ സംരംഭക സബ്സിഡി - വനിത | SO | 0 | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | ജനറൽ | LVEO/VEO | F |
| | | | | 0 | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | | | E |
| 15 | 303 | മുരിയാട് ജിപി 2024-25 കടവ് ഭാഗത്ത് ഇറിഗേഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 7 | SO | 0 | 0 | 0 | 2,00,000 | 0 | 0 | 5,00,000 | 0 | 7,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 2,00,000 | 0 | 0 | 4,60,828 | 0 | 6,60,828 | | | E |
| 16 | 335 | ജാതി കൃഷിയ്ക്ക് സബ്സിഡി | SO | 56,404 | 0 | 0 | 0 | 0 | 0 | 0 | 0 | 56,404 | ജനറൽ | AO | F |
| | | | | 55,348 | 0 | 0 | 0 | 0 | 0 | 0 | 0 | 55,348 | | | E |
| 17 | 347 | പ്ലാൻറ് ഹെൽത്ത് ക്ലിനിക്ക് നിർമ്മാണം | New | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |

| 1 | 2 | 3- PROJECT NAME | 4 | 5-DEV | 6-Basci | 7-Tied | 8 - OWN | 9 - Road | Non Road | 11 - JV | Others | 13 - Total | F | # | # |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 18 | 351 | കേരനാട് മുരിയാട് | New | 27,525 | 0 | 0 | 0 | 0 | 0 | 27,525 | 0 | 55,050 | ജനറൽ | AO | F |
| | | | | 27,525 | 0 | 0 | 0 | 0 | 0 | 0 | 0 | 27,525 | | | E |
| 19 | 363 | മുരിയാട് ജി പി 2024-25 നഗരസഞ്ചയ കപ്പാറ ജലസംരക്ഷ്ണ പദ്ധതി വാർഡ16 | SO | 0 | 0 | 0 | 0 | 0 | 0 | 95,00,000 | 0 | 95,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |
| 20 | 364 | മുരിയാട് ജി പി 2024-25 നഗരസഞ്ചയ കതിരപ്പിള്ളിക്കുളം ജലസംരക്ഷണ പദ്ധതി വാർഡ് | SO | 0 | 0 | 0 | 0 | 0 | 0 | 95,00,000 | 0 | 95,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 18,20,097 | 0 | 18,20,097 | | | E |
| 21 | 366 | മുരിയാട് ഗ്രാമപഞ്ചായത്ത് പൊതുമ്പുചിറ നവീകരണവും ലിഫ്റ്റ് ഇറിഗേഷനും | New | 0 | 0 | 0 | 0 | 0 | 0 | 30,00,000 | 0 | 30,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |
| 22 | 367 | മുരിയാട് ഗ്രാമപഞ്ചായത്ത് കാടത്തോട് നവീകരണം | New | 0 | 0 | 0 | 0 | 0 | 0 | 49,99,999 | 0 | 49,99,999 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 30,93,146 | 0 | 30,93,146 | | | E |
| 23 | 377 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് വാടക | New | 30,800 | 0 | 0 | 0 | 0 | 0 | 0 | 0 | 30,800 | ജനറൽ | AO | F |
| | | | | 17,600 | 0 | 0 | 0 | 0 | 0 | 0 | 0 | 17,600 | | | E |
| 24 | 431 | പൊതുമ്പുചിറ ചെളി നീക്കം ചെയ്ത് വൃത്തിയാക്കൽ | New | 0 | 0 | 0 | 4,00,000 | 0 | 0 | 0 | 0 | 4,00,000 | ജനറൽ | AE(LSGD) | F |
| | | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | | E |
